(ഇ) 2001 മേയ് മുതൽ 2006 ജനുവരി 15 വരെയുള്ള കാലയളവിൽ മത്സ്യബന്ധനത്തിനിടയിൽ അപകടംമൂലം മരിച്ച 224 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ നിന്നും, മത്സ്യബന്ധനത്തിനിടയിൽ ആകസ്മിക കാരണങ്ങളാൽ മരണമടഞ്ഞ 240 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ നിന്നും, മത്സ്യബോർഡിൽ അപേക്ഷ ലഭിച്ചിട്ടുണ്ട്.

മത്സ്യഫെഡ് നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിനായി ഈ കാലയളവിൽ 204 അപേക്ഷകളാണ് ലഭിച്ചത്. ഇതിൽ 52 അപേക്ഷകൾ അപകട മരണം അല്ലാത്തതിനാലും മറ്റും ഇൻഷ്വറൻസ് കമ്പനി നിരസിക്കുകയുണ്ടായി. 96 അപേക്ഷകളിൻമേൽ ഇൻഷ്വറൻസ് കമ്പനി അന്തിമ തീർപ്പ് കൽപ്പിക്കാനുണ്ട്.

സുനാമി ദുരന്തവും—സർക്കാർ സഹായവും

151 [915] ശ്രീ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് സ്വന്തക്കാരും, ബന്ധുക്കളും നഷ്ടപ്പെട്ടവർക്കും വീടും, വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും വേണ്ടി സർക്കാർ നൽകിയ ആനുകൂല്യങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(സി) എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പ്രസ്തുത ആനുകൂല്യം ലഭിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ദുരന്തത്തിൽ നഷ്ടപ്പെട്ടതും താഴെ പറയുന്നതുമായ ഇനങ്ങൾക്ക് ഫിഷറീസ് വകുപ്പ് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

1. യന്ത്രവൽകൃത ബോട്ട്
2. കായൽ വള്ളങ്ങൾ.
3. ഉണക്കമീൻ.
4. ഷെഡ്/കൂടം.
5. ചീനവല.
6. കുറ്റിവല.
7. ഫ്രീനെറ്റ്.
8. ഞണ്ടുവല.
9. ഒഴുക്കുവല.
10. നീട്ട്വല.
11. ഊന്നിവല.
12. ചിപ്പി/കക്ക/ഞണ്ട് കൃഷി യൂണിറ്റുകൾ.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനുപുറമേ മത്സ്യഫെഡിൽ നിന്നും താഴെ പറയുന്ന ആനുകൂല്യങ്ങളും നൽകി വരുന്നു.

1. വള്ളങ്ങൾ.
2. എഞ്ചിൻ (ഒ.ബി.എം.)
3. വല
4. പ്രവർത്തന മൂലധനം.

(ബി) ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

(1) *ഫിഷറീസ് വകുപ്പ്*

	ഇനം	തുക (ലക്ഷത്തിൽ)
1.	യന്ത്രവൽകൃത ബോട്ട്	65.16
2.	ചീനവല	31.43
3.	കുറ്റിവല	0.36
4.	ഫ്രീനെറ്റ്	4.62
5.	കായൽ വള്ളം	3.93
6.	ഞണ്ടുവല	0.22
7.	ഒഴുക്കുവല	0.765
8.	നീട്ടുവല	1.44
9.	ഊന്നിവല	53.31
10.	ഊന്നിക്കുറ്റി	1.02
11.	ഉണക്കമീൻ	26.64
12.	ഷെഡ്/കൂടം	12.78
13.	ചിപ്പി/കക്ക/ഞണ്ട് കൃഷി യൂണിറ്റുകൾ	14.62
	ആകെ	216.295

(2) *മത്സ്യഫെഡ് ചെലവഴിച്ചത്*

	ഇനം	അനുവദിച്ചത് (ലക്ഷം രൂപ)	ചെലവഴിച്ചത് (ലക്ഷം രൂപ)
1.	വള്ളങ്ങൾ	395.78	147.18
2.	എഞ്ചിൻ	179.142	156.067
3.	വല	755.505	695.735
4.	പ്രവർത്തന മൂലധനം	23.9	23.48
	ആകെ	1354.33	1022.46

(സി) 28000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക്.

916-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly